01
ജനുവരി
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

**ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ**
**രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..**
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448


# കാട് തെരഞ്ഞെടുപ്പിന്റെ ആവേശത്തിൽ

**കാട്ടുപുരം:** വിവിധ കാടുകളിലെ മുഖ്യമൃഗത്തെ തെരഞ്ഞെടുക്കാനുള്ള വിജ്ഞാപനം മുഖ്യമങ്കീശൻ പുറത്തിറക്കി. ഓരോ കാട്ടിലും അഞ്ച് വർഷമായി സ്ഥിരതാമസമുള്ള പക്ഷികൾക്കും മൃഗങ്ങൾക്കും സ്ഥാനാർത്ഥിയാകാവുന്നതാണ്. പഞ്ചവൻകാട്ടിൽ പിഞ്ചുമാനും പാച്ചുക്കരടിയും ഏറ്റുമുട്ടുമ്പോൾ കുറ്റിക്കാട് മേഖലയിൽ സൂത്രൻ കുറുക്കനും ജിമ്പൻ കരടിയുമാണ് മൽസര രംഗത്തുള്ളത്. ഇല്ലിമുളം കാട്ടിൽ യമണ്ടൻ കടുവയും കരിമ്പനാനയും കൊമ്പു കോർക്കുന്നു. പച്ചിലക്കാടിൽ വീരൻ സിംഹവും കോലൻ ജിറാഫുമാണ് മൃഗവിധി തേടുന്നത്. മുയൽചെവി, കുരങ്ങ് വാൽ, മയിൽ പീലി, ആനപ്പിണ്ഡം തുടങ്ങിയ ചിഹ്നങ്ങൾ സ്ഥാനാർത്ഥികൾക്ക് മുഖ്യമങ്കീശൻ അനുവദിച്ചുകൊടുത്തു. സ്ഥാനാർത്ഥികൾ കൊട്ടും കുരവയുമായി പ്രചാരണം തുടങ്ങി. പ്രചാരണത്തിന് കൊഴുപ്പേകാൻ വിവിധ കേന്ദ്രങ്ങളിൽ കുറുക്കന്റെ ഓരിയിടൽ, കുയിൽ പാട്ട്, മയിൽ നൃത്തം, അലറലോടലറൽ, വാലുകുലുക്കൽ, തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിച്ചു. കാട്ടിലെ ഇലക്ഷൻ കശപിശ ഇല്ലാതെ നടത്താനും കള്ളവോട്ട് തടയാനും പൂച്ചപോലീസിന്റെ നേതൃത്വത്തിൽ ആയിരത്തോളം പോലീസുകാരെ വിന്യസിച്ചിട്ടുണ്ട്. ബാലറ്റ് ഷീറ്റ് കടിച്ചുകീറൽ, സ്ഥാനാർത്ഥിയെ മാന്തൽ, വോട്ടർമാരുടെ മേൽ മരത്തിൻ മുകളിൽനിന്ന് കാഷ്ഠിക്കൽ, ചിന്നം വിളിച്ച് ഓടിക്കൽ തുടങ്ങിയ പതിവ് തെരഞ്ഞെടുപ്പ് കാലത്തെ വിക്രിയകൾ ഇക്കുറി അനുവദിക്കില്ലെന്ന് മുഖ്യതെരഞ്ഞെടുപ്പ് മങ്കീശൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.



ഇബ്രാഹിം, കീച്ചേരി
ജി.ഡബ്ല്യൂ.എൽ.പി.എസ്
പാപ്പിനിശ്ശേരി

# ശല്യക്കാരാണെങ്കിലും കുരങ്ങുകൾ മിടുക്കൻമാർ



**ഇടതൂർന്നകാട്:** എല്ലാവർക്കും ശല്യക്കാരായി തോന്നുമെങ്കിലും കുരങ്ങൻമാരുടെ ബുദ്ധി മറ്റു മൃഗങ്ങളെക്കാൾ കൂടുതലാണെന്ന് പഠനം. തവളകൾ, താറാവുകൾ, ഓന്ത്, പൂച്ച, പട്ടി, കടുവ, ജിറാഫ്, കുരങ്ങ് തുടങ്ങിയവരുടെയെല്ലാം മക്കൾ പഠിക്കുന്ന ജംഗിൾ വിലാസം സ്കൂളിലെ കുട്ടികളെ കേന്ദ്രീകരിച്ചായിരുന്നു മനഃശാസ്ത്രജ്ഞൻമാരും ഡോക്ടർമാരും അടങ്ങിയ സംഘത്തിന്റെ പഠനം. കുട്ടികളുടെ ഹൈപ്പർ ആക്ടിവിറ്റിയെ കുറിച്ച് അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാമുള്ള സംശയങ്ങൾക്ക് അവർ മറുപടി നൽകുകയും ചെയ്തു. ക്ലാസിൽ അടങ്ങിയിരിക്കുന്നില്ലെന്ന് പറഞ്ഞ് ചില വിദ്യാർത്ഥികളെ ആക്ഷേപിക്കരുതെന്നും പകരം അവരെ നാല് തല്ല് തല്ലിയാൽ മതിയെന്നും ഡോ. കഴുതഡിസൂസ പറഞ്ഞു. അപ്പോൾ അവർ കരയുന്നുണ്ടെങ്കിൽ മനസ്സിലാക്കാം അവർക്ക് വേദനിക്കുന്നുണ്ടെന്ന്. അങ്ങനെ വേദന സഹിച്ച് വളരുന്ന കുട്ടികളെ നമ്മൾ പരിഗണിക്കണം എന്ന് കഴുതഡിസൂസ പറഞ്ഞു. ക്ലാസിൽ അങ്ങേര് എന്താണ് പറഞ്ഞതെന്ന് കൃത്യമായി മനസ്സിലായില്ല എന്നാണ് പരിപാടിയിൽ പങ്കെടുത്ത ഒരു രക്ഷിതാവ് പറഞ്ഞത്.

ആലിയ ഫാത്തിമ. എൻ
ക്ലാസ് 6
ജി.ജി.എച്ച്.എസ്.എസ്
കന്യാകുളങ്ങര

# ആമസോൺ കാടുകളിൽ സ്കൂൾ നിർമിക്കണം

**ന്യൂമങ്കി:** ആമസോൺ കാടുകളിൽ സ്കൂൾ നിർമിക്കണം എന്ന ആവശ്യം ശക്തമാകുന്നു. വിദ്യാഭ്യാസത്തിന്റെ കുറവു കാരണമാണ് ആമസോൺ കാടുകളെ വേണ്ടവണ്ണം പരിപാലിക്കാൻ മൃഗങ്ങൾക്ക് മനസ്സ് വരാത്തത്. തീപ്പിടിച്ച് നശിച്ച കൂടുകളും മാളങ്ങളുമെല്ലാം പുനർനിർമിക്കുന്ന തിരക്കിലാണ് പലരും. അതിനാൽ അവിടെ സ്കൂൾ തുറന്ന് ആമസോൺ കാടുകളെ മനുഷ്യരുടെ കൈയേറ്റത്തിൽനിന്ന് രക്ഷിക്കേണ്ടതിന്റെ അനിവാര്യത പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്ന പാഠങ്ങൾ പഠിപ്പിക്കണമെന്നുമാണ് മൃഗക്ഷേമ മുന്നണി പ്രവർത്തകരുടെ നിലപാട്.

ഹാദിയ ബിൻത് അലി, ക്ലാസ് - 7.
എച്ച്.ഐ.എം.യു.പി സ്കൂൾ, കൽപ്പറ്റ

# ലോംഗ് നെക്കൽ ജിറാഫിന്റെ ആരോഗ്യനില മെച്ചപ്പെട്ടു

**കുത്തിത്തിരിപ്പ് മൂല:** ദിവസങ്ങളായി അവശ നിലയിൽ കഴിയുകയായിരുന്ന ലോംഗ് നെക്കൽ ജിറാഫിന്റെ ആരോഗ്യനില മെച്ചപ്പെട്ടതായി ഡോക്ടർ കപീഷണ്ണൻ പറഞ്ഞു.

പ്രദേശത്തെ ഉയരമുള്ള കാടുകളിലെ ഇലകളും കായ്കളും തീർന്നതിനാൽ കഴിഞ്ഞ ഒരാഴ്ചക്കുള്ളിലായി നിലത്തുള്ള പച്ചിലകളും പുല്ലുകളുമെല്ലാം തിന്നുകയായിരുന്നു ലോംഗ് ജിറാഫ്.

അങ്ങനെ വല്ലാതെ തല കുമ്പിട്ടപ്പോൾ കഴുത്തിന് എന്തോ ചതവ് സംഭവിച്ചത് പിന്നീട് ഗുരുതരമാവുകയായിരുന്നു. ലോംഗ് ജിറാഫിന് ഇനി താഴെ നിന്ന് ഫുഡ് ശേഖരിച്ച് ഉയരമുള്ള മരത്തിൽ കെട്ടിക്കൊടുക്കാനായി പുതിയൊരു മൃഗസമിതി രൂപീകരിച്ചിട്ടുണ്ട്.